ഹോസ്പിറ്റൽ ഡെവലപ്പ്മെന്റ് കമ്മിറ്റികൾ

178 (1113) ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജ് ആശുപത്രികൾ, ജനറൽ ജില്ലാ താലൂക്ക് ഇന്റർമീഡിയറ്റ് ആശുപത്രികൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, പ്രൈമറി ഹെൽത്ത് സെന്ററുകൾ, ഡിസ്പെൻസറികൾ തുടങ്ങിയ ചികിത്സാ സ്ഥാപനങ്ങളിൽ ഹോസ്പിറ്റൽ ഡവലപ്പ്മെന്റ് കമ്മിറ്റികൾ രൂപീകരിക്കപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എത്ര സ്ഥാപനങ്ങളിൽ ഇത്തരം കമ്മിറ്റികൾ പ്രവർത്തിച്ചു വരുന്നു എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ കമ്മിറ്റികൾക്കു സന്ദർശകപാസ് വഴിയും രോഗികളിൽ നിന്ന് ചികിത്സാ സൗകര്യങ്ങൾക്കുമായി കഴിഞ്ഞ സാമ്പത്തികവർഷം ആകെ എത്ര തുക ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) ആശുപത്രികളിൽ രോഗികൾക്ക് ഇതുവഴി കൂടുതൽ സൗകര്യങ്ങൾ എന്തെങ്കിലും ലഭിച്ചിട്ടുണ്ടോ ; ഈ കാരണത്താൽ ആശുപത്രിയിൽ വരുന്ന രോഗികളുടെ എണ്ണത്തിൽ കുറവു വരുന്നതായ പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കഴിഞ്ഞ സാമ്പത്തിക വർഷം എത്ര രോഗികളുടെ കുറവ് വന്നിട്ടുള്ളതായാണ് കണക്കാക്കിയിട്ടുള്ളത് ; വെളിപ്പെടുത്താമോ ?

ഉത്തരം

(എ) മെഡിക്കൽ വിദ്യാഭ്യാസവകുപ്പിന്റെ കീഴിലുള്ള എല്ലാ മെഡിക്കൽ കോളേജ് ആശുപത്രികളിലും തിരുവനന്തപുരം കണ്ണാശുപത്രിയിലും ആശുപത്രി വികസന സമിതികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ എസ്.എ.റ്റി. ആശുപത്രിയിൽ ഒരു ഹെൽത്ത് എഡ്യൂക്കേഷൻ സൊസൈറ്റിയും നിലവിലുണ്ട്.

ആരോഗ്യവകുപ്പിൽ ജനറൽ, ജില്ലാ താലൂക്ക് ആശുപത്രികളിൽ ആശുപത്രി വകസന സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

എത്ര സ്ഥാപനങ്ങളിൽ കമ്മിറ്റി പ്രവർത്തിക്കുന്നു എന്നത് ജില്ലകളിലെ ടി ആശുപത്രികളിൽ നിന്ന് വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) ഇതുവഴി രോഗികൾക്കു കൂടുതൽ സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ രോഗികളുടെ എണ്ണത്തിൽ കുറവ് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ജില്ലാ താലൂക്ക് ആശുപത്രിയിൽ ആധുനിക ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ നടപടി

179 (1114) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാ ജില്ലാ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും ആധുനിക ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly